# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം.

*(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)*
*(ഹാജർ : എൻ. പത്മകുമാർ, ഐ.എ.എസ്.)*

നം. എൽ.ആർ.ഇ5- 7000/2017 തീയതി :19 -07-2017

വിഷയം :- ലാൻഡ് റവന്യൂ വകുപ്പ് - ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും - സ്ഥലംമാറ്റം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

പരാമർശം :- ഈ കാര്യാലയത്തിലെ 18-07-2017 -ലെ മേൽ നമ്പർ നടപടിക്രമം.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ജോലിനോക്കുന്ന ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്മാരെ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് വിവിധ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് പരാമർശ പ്രകാരം ഉത്തരവായിരുന്നു. ടി സ്ഥലംമാറ്റം /റീഅലോട്ട്മെന്റ് ഉത്തരവിൽ സീരിയൽ നമ്പർ (20) പ്രകാരം ശ്രീ. ജയപ്രകാശ് സി-യ്ക്ക് കാസർഗോഡ് ജില്ലയിൽ നിന്നും ആലപ്പുഴ ജില്ലയിലേയ്ക്ക് ക്ലറിക്കൽ പിഴവുമൂലം തെറ്റായി സ്ഥലംമാറ്റം അനുവദിച്ചിരുന്നു. ടി സ്ഥാനത്ത് ടിയാനെക്കാളും സീനിയറായ ശ്രീ. സോമൻ. എൻ എന്നവർക്കാണ് സ്ഥലംമാറ്റം അനുവദിക്കേണ്ടിയിരുന്നത്.

മേൽ സാഹചര്യത്തിൽ പരാമർശ ഉത്തരവു പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്നും ആലപ്പുഴ ജില്ലയിലേയ്ക്ക് ശ്രീ. ജയപ്രകാശ്. ഡി-യ്ക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദുചെയ്തും പകരം ടിയാനെക്കാളും സീനിയറും നിലവിൽ സ്ഥലംമാറ്റം ലഭിക്കേണ്ടിയിരുന്നതുമായ ശ്രീ. സോമൻ. എൻ., ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് - ന് കാസർഗോഡ് ജില്ലയിൽ നിന്നും ആലപ്പുഴ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചും പരാമർശ നടപടിക്രമത്തിൽ ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ നടപടിക്രമത്തിൽ അച്ചടക്ക നടപടി നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച് പരാമർശിക്കുന്ന ഖണ്ഡികയിൽ ക്രമ നമ്പർ 15 എന്നത് 17 എന്നും, ക്രമ നമ്പർ 20 എന്നത് ക്രമ നം. 22 എന്നും, ക്രമ നമ്പർ 47 എന്നത് 48 എന്ന് തിരുത്തിയും, ക്രമ നമ്പർ 58-ൽപ്പെട്ട ജീവനക്കാരൻ നിലവിൽ തൃശ്ശൂർ ജില്ലയിൽ ജോലിനോക്കുന്നതിനാൽ ടിയാൻ നിലവിൽ ജോലിനോക്കുന്ന ജില്ല ഇടുക്കി എന്നത് തൃശ്ശൂർ എന്ന് തിരുത്തിയും ഉത്തരവാകുന്നു.

*(ഒപ്പ്)*
*ജോയിന്റ് കമ്മീഷണർ*
*ലാൻഡ് റവന്യൂ*

*ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ കളക്ടർമാർ മുഖാന്തിരം)*

പകർപ്പ് :

1. ജില്ലാ കളക്ടർ, കൊല്ലം/ ആലപ്പുഴ/ ഇടുക്കി/തൃശ്ശൂർ /മലപ്പുറം/കാസർഗോഡ്.
2. കരുതൽ ഫയൽ./അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

T5 -19-Jul-17